**പതിനാലാം കേരള നിയമസഭ**
**അഞ്ചാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ.102** **28-4-2017 ൽ മറുപടിക്ക്**

**സർക്കാർ ഭൂമി കയ്യേറ്റം തടയുന്നതിന് നടപടി**

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ.മുഹമ്മദ് മുഹസിൻ.പി.<br>ശ്രീ. സി.ദിവാകരൻ<br>ശ്രീമതി.ഇ.എസ്.ബിജിമോൾ<br>ശ്രീ. എൽദോ എബ്രഹാം. | | ശ്രീ. ഇ. ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി) |
| (എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സർക്കാർഭൂമി കയ്യേറ്റം തടയുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിച്ചുവെന്ന് വിശദമാക്കാമോ; | (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സർക്കാർ ഭൂമിയിലെ അനധികൃത കയ്യേറ്റങ്ങൾ കണ്ടെത്തുന്നതിനും, തടയുന്നതിനും ഒഴിപ്പിക്കുന്ന തിനുമായി ഡെപ്യൂട്ടി കളക്ടർ (എൽ.ആർ)ന്റെ നേതൃത്വത്തിൽ ജില്ലാതല ടീമും, ഓരോ താലൂക്കിലും അഡീഷണൽ തഹസീൽദാരുടെ നേതൃത്വത്തിൽ താലൂക്ക്തല ടീമും രൂപീകരിച്ച് പ്രവർത്തിച്ചുവരുന്നു. ആയതുപ്രകാരം കണ്ടെത്തിയ കയ്യേറ്റങ്ങൾ 1957 ലെ കേരളാ ഭൂസംരക്ഷണനിയമവും, 1958 ലെ ചട്ടങ്ങളും 2009 ലെ നിയമഭേദഗതിയും പ്രകാരം ഒഴിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ കയ്യേറ്റങ്ങൾക്കെതിരെ വില്ലേജ്തലത്തിലുള്ള ജനകീയ സമിതികളുടെ പ്രവർത്തനവും കാര്യക്ഷമമാക്കിയിട്ടുണ്ട്. |
| (ബി) മുൻ സർക്കാരിന്റെ കാലത്ത് സർക്കാർഭൂമി കയ്യേറ്റങ്ങൾ ഒഴിപ്പിക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ; | (ബി) | മുൻ സർക്കാരിന്റെ കാലത്ത് കണ്ടെത്തിയ കയ്യേറ്റങ്ങൾ ഒഴിപ്പിക്കുന്നതിന് 1957 ലെ ഭൂസംരക്ഷണ നിയമവും, 1958 ലെ ചട്ടങ്ങളും, 2009 ലെ നിയമഭേദഗതിയും പ്രകാരം ഒഴിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിരുന്നു . |
| (സി) സർക്കാർഭൂമി കയ്യേറ്റക്കാർക്കെതിരെ നിയമനടപടികൾ സ്വീകരിച്ചിട്ടുണ്ടോയെന്ന് വിശദമാക്കാമോ; | (സി) | കേരള ഭൂസംരക്ഷണ നിയമം പ്രകാരം സർക്കാർ ഭൂമി കയ്യേറ്റക്കാർക്കെതിരെ നിയമനടപടികൾ സ്വീകരിച്ചിട്ടുള്ളതാണ്. |
| (ഡി) ഭാവിയിൽ അനധികൃത ഭൂമി കയ്യേറ്റം തടയുന്നതിനായി നിയമനിർമ്മാണം നടത്തുവാൻ തയ്യാറാകുമോയെന്ന് വിശദമാക്കാമോ;<br><br>(ഇ) ഭൂമി കയ്യേറ്റത്തിന് കൂട്ടു നിൽക്കുന്ന ജീവനക്കാരെ പിരിച്ചുവിടുന്നതടക്കമുള്ള ശിക്ഷാനടപടികൾ സ്വീകരിക്കുന്നതിന് തയ്യാറാകുമോ? | (ഡി)<br>&<br>(ഇ) | കേരള ഭൂസംരക്ഷണ നിയമം പ്രകാരം സർക്കാർ ഭൂമി കയ്യേറ്റക്കാർക്കെതിരെ കർശന നടപടി സ്വീകരിച്ചുവരുന്നു. ഭൂമി കയ്യേറ്റത്തിന് കൂട്ടു നിൽക്കുന്ന ജിവനക്കാർക്കെതിരെ റിപ്പോർട്ട് വരുന്ന മുറയ്ക്ക് പരിശോധിച്ച് നിയമപ്രകാരമുള്ള നടപടി സ്വീകരിക്കുന്നതാണ്. |

**സെക്ഷൻ ഓഫീസർ**